II ഇ.ബി. XIII- കേരള നിയമസഭ/V-15

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2012 ജൂലൈ 4, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**48 (*451) തീരദേശ വികസന കോർപ്പറേഷൻ**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കാസർഗോഡ്, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലായി 50 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നും സംസ്ഥാനത്തൊട്ടാകെ മത്സ്യമേഖലയിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണെന്നും സഭയെ അറിയിച്ചു. തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 3000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി ഫണ്ട് കണ്ടെത്താനുള്ള ശ്രമം നടത്തിവരികയാണ്. 2009-10 സാമ്പത്തിക വർഷത്തിൽ വടക്കൻ പറവൂർ, ആലുവ, പാങ്ങോട്, മൂവാറ്റുപുഴ, പത്തനംതിട്ട, തേവര എന്നിവിടങ്ങളിലായി 6 ആധു

നിക മൊത്ത മത്സ്യവിപണന മാർക്കറ്റുകളുടെ നിർമ്മാണം ഏറ്റെടുത്തതിൽ വടക്കൻ പരവൂർ, ആലുവ, പാങ്ങോട് മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ മത്സ്യമാർക്കറ്റിനുവേണ്ടി മുനിസിപ്പാലിറ്റി നിർദ്ദേശിച്ച സ്ഥലം നികത്തിവരുന്നു. പത്തനംതിട്ട മത്സ്യ മാർക്കറ്റിനുവേണ്ടി അനുവദിച്ച വയൽപ്രദേശം നികത്തുന്നതിന് അഗ്രി കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം തുടങ്ങുന്നതാണ്. തേവര മത്സ്യമാർക്കറ്റിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2011–12 വർഷത്തിൽ ദേശീയ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ഫണ്ടുപയോഗിച്ച് മത്സ്യവിപണനം വിപുലീക രിക്കുന്നതിന്റെ ഭാഗമായി 13 ആധുനിക മൊത്ത മത്സ്യമാർക്കറ്റുകൾക്കുകൂടി ഭരണാനുമതി നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപ്പാക്കിവരുന്ന 9,20,00,000 രൂപ അടങ്കൽ തുക യുള്ള സമഗ്ര കടൽ സുരക്ഷാ പദ്ധതിയിലൂടെ 600 ആഴക്കടൽ മത്സ്യബ ന്ധന യൂണിറ്റുകൾക്ക് റേഡിയോ ബീക്കൺ, ജി.പി.എസ്., എക്കോ സൗണ്ടർ, ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (എ.ഐ.എസ്.), വാർത്താവിനി മയ ഉപകരണങ്ങൾ എന്നിവ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്രസർക്കാർ മത്സ്യഗ്രാമം പദ്ധതിക്കായി അനുവദിച്ച 200 കോടി രൂപ ഉപയോഗിച്ച് മത്സ്യ മേഖലയിൽ 3100 വീടുകൾ നിർമ്മിച്ചുനൽകാൻ തീരുമാനിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ തുടർന്നും നൽകുന്നതാണെന്നും മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന തുക ബാങ്കുവഴി നൽകുന്നതിന് നടപടി സ്വീക രിച്ചിട്ടുണ്ടെന്നും രണ്ടാംഗഡു ഉടൻതന്നെ നൽകുന്നതാണെന്നും മന്ത്രി അറി

യിച്ചു. മത്സ്യത്തൊഴിലാളികൾക്ക് സിവിൽസപ്ലൈസ് കോർപ്പറേഷൻവഴി നൽകുന്ന മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ലെന്നും ജോയിന്റ് വെരിഫിക്കേഷനിലൂടെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട മണ്ണെണ്ണ വിഹിതം തിട്ടപ്പെടുത്തി കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതാണെന്നും മത്സ്യ ത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന 100 കോടി രൂപയുടെ കടാശ്വാസം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

49 (*452) <u>സിമിയുടെ നിരോധനം</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ) നൽകിയ മറുപടിയിൽ, 1967-ലെ അൺലോഫുൾ ആക്റ്റിവി റ്റീസ് (പ്രിവൻഷൻ) ആക്ടിലെ വ്യവസ്ഥകൾ പ്രകാരം 'സിമി' (സ്റ്റുഡന്റ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ) എന്ന സംഘടനയെ അൺലോഫുൾ അസ്സോസിയേഷനായി പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെ ടുവിച്ചിട്ടുണ്ടെന്നും പ്രസ്തുത പേരിലുള്ള സംഘടന ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ലെന്നും സഭയെ അറിയിച്ചു. 2010-ലെ നിരോധനത്തിനു ശേഷവും 'സിമി'-യിൽ പ്രവർത്തിച്ചിരുന്നവർ മറ്റു ചില സംഘടനകളിലൂടെ നിയമവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് 'സിമി'-യുടെ നിരോധനം തുടരണമെന്നാവശ്യപ്പെട്ട് ആഭ്യന്തര സുരക്ഷാ വിഭാഗം കേന്ദ്ര ട്രൈബ്യൂണൽ മുമ്പാകെ സത്യവാങ്മൂലം സമർ പ്പിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ വിജ്ഞാപനം അനുസരിച്ച് 5-02-2012 മുതൽ രണ്ട് വർഷത്തേയ്ക്കാണ് 'സിമി'-ക്ക് നിരോധനം ഏർപ്പെടുത്തിയിട്ടു

ള്ളത്. സംസ്ഥാനത്ത് സിമിയുടെ സാന്നിദ്ധ്യം ഉള്ളതായി നാഷണൽ ഇന്റലിജൻസ് ഏജൻസി റിപ്പോർട്ട് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും മുൻ സിമി പ്രവർത്തകരെ സംസ്ഥാന ഇന്റലിജൻസിനു കീഴിലുള്ള ആഭ്യന്തര സുരക്ഷാവിഭാഗം നിരീക്ഷിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'സദാചാര പോലീസ്' സംവിധാനത്തെ ശക്തമായി നേരിടുന്നതാണെന്നും യുവാക്കളെ തീവ്രവാദ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അന്തർസംസ്ഥാന/അന്തർദ്ദേശീയ തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏഴ് കേസുകൾ എൻ.ഐ.എ.-യ്ക്ക് കൈമാറിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

50 (*453) <u>തീരദേശ പോലീസ് സ്റ്റേഷൻ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 24 തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതിൽ 8 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ളവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും സഭയെ അറിയിച്ചു. തീരദേശ പോലീസ് സ്റ്റേഷനുകളിൽ വിവിധ തസ്തികകളിലായി 65 പേരെ നിയമിച്ചിട്ടുണ്ട്. 15-3-2012-ലെ ഉത്തരവ് പ്രകാരം തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഓരോ റെസ്ക്യൂ ബോട്ട് അനുവദിക്കാനും തീരസുരക്ഷയെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിന് '1093' എന്ന ടോൾഫ്രീ നമ്പർ ലഭ്യമാക്കാനും നേവി, കോസ്റ്റ് ഗാർഡ് എന്നിവയിൽ നിന്ന് റിട്ടയർ ചെയ്തവരെ ബോട്ട് കമാൻഡറായും അസിസ്റ്റന്റ് ബോട്ട് കമാൻഡ

റായും നിയമിക്കാനും ഹോം ഗാർഡുകളായി ശാരീരിക ശേഷിയുള്ള മത്സ്യത്തൊഴിലാളികളെ ഒരു ബോട്ടിൽ 4 പേർ എന്ന നിലയിൽ കരാർ വ്യവസ്ഥയിൽ നിയമിക്കാനും അതിനുപകരമായി പ്രസ്തുത പോലീസ് സ്റ്റേഷനുകളിലെ 2 സിവിൽ പോലീസ് ഓഫീസർമാരെ കുറവ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. കപ്പലുകളുടെ ലൊക്കേഷൻ മനസ്സിലാക്കുന്നതിന് ജിപി.ആർ.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

51 (*454) പങ്കാളിത്ത പെൻഷൻ പദ്ധതി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, പെൻഷൻ ബാദ്ധ്യത കുറച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കാനും വളർച്ചാ നിരക്ക് വർദ്ധിപ്പിക്കാനും പങ്കാളിത്ത സംരംഭമായ ന്യൂ പെൻഷൻ സിസ്റ്റം നടപ്പിലാക്കണമെന്ന കേന്ദ്ര സർക്കാരിന്റെ ശുപാർശ പരിശോധിച്ചുവരികയാണെന്നും പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ലെന്നും സഭയെ അറിയിച്ചു. RBI -യുടെ റിപ്പോർട്ട് അനുസരിച്ച് പെൻഷൻ ബാദ്ധ്യത 2001-02 സാമ്പത്തിക വർഷത്തെക്കാൾ 2011-12-ൽ മൂന്ന് മടങ്ങായി വർദ്ധിച്ചിട്ടുണ്ട്. 2004 ഏപ്രിൽ മാസത്തിനുശേഷം ഏകദേശം 1,84,446 പേർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. വാർഷിക പെൻഷൻ ബാദ്ധ്യത 8699.3 കോടി രൂപയായി മാറുകയും നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തേക്കാൾ കൂടുതൽ പെൻഷൻ വാങ്ങുന്നവരാകുകയും ചെയ്ത സാഹചര്യത്തിൽ ജീവനക്കാരുടെ താല്പര്യവും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിലെ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുകൂടി

പരിശോധിച്ചശേഷം തീരുമാനമെടുക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി  മുഖ്യമന്ത്രി വ്യക്തമാക്കി.

നക്ഷത്രചിഹ്നമിട്ട 455 മുതൽ 480 വരെയുള്ള ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4795 മുതൽ 5126 വരെയുള്ള ചോദ്യങ്ങളിൽ 70 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)